## "CORRUPTION, A CRIME AGAINST NATION"

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം. 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 21.03.2025

## ലൈസൻസിനായി കൈക്കൂലി:- ഫറോക്ക് മുനിസിപ്പാലിറ്റിയിലെ ക്ലീൻ സിറ്റി മാനേജരെ റിമാന്റ് ചെയ്തു

മിനറൽ വാട്ടർ ഏജൻസി തുടങ്ങുന്നതിനുള്ള ലൈസൻസ് അനുവദിക്കുന്നതിന് 2,000/- രൂപ കൈക്കൂലി വാങ്ങവെ കോഴിക്കോട് ഫറോക്ക് മുനിസിപ്പാലിറ്റിയിലെ ക്ലീൻ സിറ്റി മാനേജർ ആയ രാജീവ് ഇ. കെ യെ വിജിലൻസ് കോഴിക്കോട് യൂണിറ്റ് ഇന്നലെ (20.03.2025) കൈയ്യോടെ പിടികൂടിയിരുന്നു. പ്രതിയെ കോഴിക്കോട് വിജിലൻസ് കോടതി ഇന്ന് (21.03.2025) 14 ദിവസത്തേക്ക് റിമാന്റ് ചെയ്തു.

## കോഴിക്കോട് കോർപ്പറേഷൻ ഓഫീസിൽ വിജിലൻസിന്റെ മിന്നൽ പരിശോധന

കോഴിക്കോട് കോർപ്പറേഷനിലെ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ കൈവശം നടപടിക്കായി എത്തുന്ന ഫയലുകളിന്മേൽ അനാവശ്യ കാലതാമസം വരുത്തുന്നതായുള്ള റിപ്പോട്ടിന്റെ അടിസ്ഥാനത്തിൽ ഇന്ന് (21.03.2025) കോഴിക്കോട് കോർപ്പറേഷൻ ഹെഡ് ഓഫീസിലും പാളയം, പന്നിയങ്കര, സെൻട്രൽ മാർക്കറ്റ് എന്നീ സർക്കിൾ ഓഫീസുകളിലുമായി വിജിലൻസ് മിന്നൽ പരിശോധന നടത്തി.

## ഇടുക്കി ജില്ലയിലെ രാജകുമാരി സബ് രജിസ്റ്റാർ ഓഫീസിലും, ചിന്നക്കനാൽ പഞ്ചായത്ത് ഓഫീസിലും വിജിലൻസിന്റെ മിന്നൽ പരിശോധന

ഇടുക്കി ജില്ലയിലെ ചിന്നകനാലിൽ ഉള്ള സ്വകാര്യ റിസോർട്ടിന്റെ വിൽപ്പനയിൽ രജിസ്ട്രേഷൻ തുക കുറച്ച് കാണിച്ചു എന്നും അത് വഴി സർക്കാരിന് നഷ്ടം ഉണ്ടായതായും ഉള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇന്ന് (21.03.2025) രാജകുമാരി സബ് രജിസ്റ്റാർ ഓഫീസിലും, ചിന്നക്കനാൽ പഞ്ചായത്ത് ഓഫീസിലും വിജിലൻസ് മിന്നൽ പരിശോധന നടത്തി.

**കോഴിക്കോട് ജില്ലാ പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിലും, കോഴിക്കോട് കോർപ്പറേഷനിലെ കുടുബശ്രീ പ്രോജക്ട് ഓഫീസിലും വിജിലൻസിന്റെ മിന്നൽ പരിശോധന.**

കുടുംബശ്രീ പദ്ധതിയിൽ അയൽക്കൂട്ടങ്ങൾക്ക് പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിൽ നിന്നും ലോൺ അനുവദിക്കുന്നതിന് മാനദണ്ഡങ്ങൾ പാലിക്കുന്നില്ല എന്നുള്ള പരാതിയുടെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലാ പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ഓഫീസിലും കോഴിക്കോട് കോർപ്പറേഷനിലെ കുടുബശ്രീ പ്രോജക്ട് ഓഫീസിലും വിജിലൻസ് ഇന്ന് (21.03.2025) രാവിലെ 10.30 മണി മുതൽ വൈകിട്ട് 03.30 വരെ ഒരു മിന്നൽ പരിശോധന നടത്തി. അയൽക്കൂട്ടങ്ങൾക്ക് പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിൽ നിന്നും ലോൺ അനുവദിക്കുന്നതിന് അംഗങ്ങളിൽ പിന്നോക്ക സമുദായത്തിൽപ്പെട്ടവരുടെ എണ്ണം ഉറപ്പ് വരുത്തുന്നതിന് കോർപ്പറേഷനിലെ രണ്ടാം വാർഡിൽ പ്രവർത്തിക്കുന്ന ചില അയൽക്കൂട്ടങ്ങൾ അംഗങ്ങളുടെ അപേക്ഷയിൽ ജാതി തെറ്റായി കാണിക്കാറുണ്ടെന്നാണ് പരാതി.

സർക്കാർ ഓഫീസുകളിൽ കാര്യം സാധിച്ചു കൊടുക്കാമെന്ന് പറഞ്ഞോ സർക്കാർ ഉദ്യോഗസ്ഥർക്ക് കൊടുക്കാനെന്ന് പറഞ്ഞോ പൈസ വാങ്ങുന്നതും, ആവശ്യപ്പെടുന്നതും കൈക്കൂലിയുടെ പരിധിയിൽ വരുന്നതും, ഇത്തരം കാര്യങ്ങൾ പറഞ്ഞ് പൈസ വാങ്ങിയാലോ ആവശ്യപ്പെട്ടാലോ ഭീക്ഷണിപ്പെടുത്തിയാലോ ഉടൻ തന്നെ വിജിലൻസിനെ അറിയിക്കേണ്ടതുമാണ്.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്ട്സ്ആപ്പ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. യോഗേഷ് ഗുപ്ത ഐ.പി.എസ് അഭ്യർത്ഥിച്ചു.